**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **06-02-2023 - ൽ മറുപടിയ്ക്ക്**

**ഫയർ വാച്ചർ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജക മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളിലും ചെന്തുരുണി വന്യജീവി സങ്കേതത്തിലുമായി കാട്ടുതീ തടയുന്നതിനായി ഫയർ വാച്ചർ നിയമനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പുനലൂർ നിയോജക മണ്ഡലത്തിനു പരിധിയിൽ കൊല്ലം സതേൺ സർക്കിളിനു കീഴിൽ വരുന്ന പുനലൂർ, തെന്മല, തിരുവനന്തപുരം, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിലായി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 322 ഫയർ വാച്ചർമാരെ അംഗീകൃത അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുണ്ട്. അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിനു കീഴിൽ വരുന്ന ശെന്തുരുണി വന്യജീവി ഡിവിഷനിൽ NMR വാച്ചർമാരായി ജോലി നോക്കുന്ന ജീവനക്കാരാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതോടൊപ്പം ടി ഡിവിഷന് കീഴിൽ പ്രവർത്തിച്ചു വരുന്ന വിവിധ ഇക്കോ - ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഫയർ ഗ്യാങ്ങുകൾ രൂപീകരിച്ചും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നുണ്ട്. |
| (ബി) | വനമേഖലയോട് ചേർന്നുള്ള സ്ഥലവാസികളെ ഫയർ വാച്ചർമാരായി ദിവസവേതന അടിസ്ഥാനത്തിൽ ജനുവരി ഒന്ന് മുതൽ മാർച്ച് മുപ്പത്തിയൊന്ന് വരെയുള്ള മൂന്നുമാസക്കാലത്തേക്ക് നിയമിക്കുന്നതിന് തീരുമാനം എടുത്തിരുന്നോ; വിശദമാക്കാമോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (ബി) | വനമേഖലയോട് ചേർന്ന് താമസിക്കുന്ന പ്രദേശവാസികളെയും വന സംരക്ഷണ സമിതി/ ഇക്കോ - ഡെവലപ്മെന്റ് കമ്മിറ്റി എന്നിവയിലെ അംഗങ്ങളെയുമാണ് ഫയർ വാച്ചർമാരായി ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്ന് മാസ കാലയളവിൽ അഗ്നിപ്രതിരോധ പ്രവർത്തനങ്ങൾക്കായി ദിവസവേതന അടിസ്ഥാനത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് നിയോഗിക്കാറുള്ളത്. നിലവിൽ കൊല്ലം സതേൺ സർക്കിളിനു കീഴിൽ വരുന്ന പുനലൂർ, തെന്മല, തിരുവനന്തപുരം, അച്ചൻകോവിൽ എന്നീ വനം ഡിവിഷനുകളിലായി കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾക്കായി 322 ഫയർ വാച്ചർമാരെ അംഗീകൃത അടങ്കൽ പ്രകാരം നിയോഗിച്ചിട്ടുണ്ട്.<br><br>അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിനു കീഴിൽ വരുന്ന ശെന്തുരുണി വന്യജീവി ഡിവിഷനിൽ NMR വാച്ചർമാരായി ജോലി നോക്കുന്നവരാണ് കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നത്. ഇതോടൊപ്പം ടി ഡിവിഷന് കീഴിൽ പ്രവർത്തിച്ച് വരുന്ന വിവിധ ഇക്കോ - ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഫയർ ഗ്യാങ്ങുകൾ രൂപീകരിച്ചും അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. |
| (സി) | പുനലൂർ മണ്ഡലത്തിലെ വിവിധ വനം ഡിവിഷനുകളിലും ചെന്തുരുണി വന്യജീവി സങ്കേതത്തിലും ഫയർലൈൻ, ഫയർ ബ്രേക്കർ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി താൽക്കാലിക ഫയർ വാച്ചർമാരെ സമയബന്ധിതമായി നിയമിക്കുന്നതിന് നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കാമോ? | (സി) | പുനലൂർ നിയോജക മണ്ഡലത്തിനു പരിധിയിൽ കൊല്ലം സതേൺ സർക്കിളിനു കീഴിൽ വരുന്ന വിവിധ വനം ഡിവിഷനുകളിൽ ഫയർലൈൻ, ഫയർ ബ്രേക്ക് പ്രവർത്തനങ്ങൾ ഇ-ടെൻഡർ മുഖേനയും, വന സംരക്ഷണ സമിതി അംഗങ്ങൾക്ക് തൊഴിൽ ലഭിക്കുന്നതിനായി ടി സമിതികൾ വഴിയുമാണ് നടപ്പാക്കി വരുന്നത്. പുനലൂർ നിയോജക മണ്ഡലത്തിലെ സതേൺ സർക്കിളിന്റെ പരിധിയിൽ വരുന്ന വനം ഡിവിഷനുകളിൽ ഫയർ പ്രൊട്ടക്ഷൻ ജോലികൾക്കായി താൽക്കാലിക ഫയർ വാച്ചർമാരെ സമയ ബന്ധിതമായി നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ